പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 5816 — 03.11.2016-ൽ മറുപടിക്ക്.

## തൊഴിലാളികൾക്ക് ബാങ്കിലൂടെ വേതനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.അനിൽ അക്കര<br>,, കെ.മുരളീധരൻ<br>,, തിരുവഞ്ചൂർ രാധാകൃഷ്ണൻ | ശ്രീ. ടി. പി. രാമകൃഷ്ണൻ<br>തൊഴിലും എക്സൈസും വകുപ്പ് മന്ത്രി |
| (എ) വിവിധ തൊഴിൽ മേഖലകളിലെ തൊഴിലാളികൾക്ക് ബാങ്കിലൂടെ വേതനം ലഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; | (എ) ഉണ്ട്. |
| ബി) എങ്കിൽ ഏതെല്ലാം മേഖലകളിലെ തൊഴിലാളികൾക്കാണ് ഈ സൗകര്യം ലഭിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) ബാങ്കിങ് ഇതര ധനകാര്യ സ്ഥാപനങ്ങൾ, ടെക്സ്റ്റൈൽ ഷോപ്പുകൾ, ജുവല്ലറികൾ, സ്വകാര്യ ആശുപത്രികൾ, ഐ. ടി മേഖല, സെൽഫ് ഫിനാൻസിംഗ് എഡ്യൂക്കേഷണൽ ഇൻസ്റ്റിറ്റ്യൂഷൻസ്, നിർമ്മാണമേഖല തുടങ്ങിയ അസംഘടിത മേഖലയിൽ പണിയെടുക്കുന്ന വിവിധ തൊഴിലാളികൾക്ക് മിനിമം വേതനം ഉറപ്പ് വരുത്തുന്നതിനും അവരുടെ വേതനം ബാങ്ക് വഴി നൽകുന്നതിനുമായി വേതന സുരക്ഷാ പദ്ധതി (ഇ-പേയ്മെന്റ്) തിരുവനന്തപുരം ജില്ലയിൽ പൈലറ്റ് അടിസ്ഥാനത്തിൽ വിജയകരമായി നടപ്പിലാക്കിയിട്ടുണ്ട്. ഈ പദ്ധതി മറ്റ് ജില്ലകളിലേക്ക് വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. |
| (സി) എല്ലാ തൊഴിലാളികൾക്കും ഈ സൗകര്യം ലഭിക്കുവാൻ മിനിമം വേതനം ചട്ടങ്ങളിൽ ഭേദഗതി വരുത്തുവാനുള്ള നടപടി സ്വീകരിക്കുമോ ? | (സി) വേതന സുരക്ഷാ പദ്ധതി നടപ്പിലാക്കുന്നതിനായി 1948 ലെ മിനിമം വേതന നിയമത്തിൽ ഭേദഗതി വരുത്തിക്കൊണ്ട് 08/07/2015 ലെ സ.ഉ(പി) 84/15/തൊഴിൽ നമ്പരായി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ